"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സ്വച്ച് ഭാരത് മിഷൻ (അർബൻ) - കേരള സ്റ്റേറ്റ് വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം കൺവർജൻസ് - പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1853/2024/LSGD തീയതി,തിരുവനന്തപുരം, 04-10-2024

---

പരാമർശം:-

1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.03.2024-ലെ 4215/D1/2023/SM നമ്പർ കത്ത്.
2. സ്വച്ച് ഭാരത് മിഷൻ (അർബൻ) - കേരള സ്റ്റേറ്റ് വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം കൺവർജൻസുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട് 11.06.2024-ന് കൂടിയ ഓൺലൈൻ യോഗം.

**<u>ഉത്തരവ്</u>**

നഗര ഖരമാലിന്യ സംസ്കരണ മേഖലയിൽ ശുചിത്വമിഷനും കേരള സ്റ്റേറ്റ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്റ്റ് (കെ.എസ്.ഡബ്ല്യു.എം.പി.)ഉം സാമ്പത്തിക സഹായം നൽകിവരുന്നു.ഇതിലെ പല ഘടകങ്ങളും സംയോജിപ്പിച്ച് (convergence) പ്രവർത്തിപ്പിക്കാവുന്നവയാണെന്നും ആയതിനാൽ അതിനുള്ള നടപടി സ്വീകരിക്കണമെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച പ്രോപ്പോസലിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം 11.06.2024-ന് ഓൺലൈനായി ചേരുകയുണ്ടായി.പ്രസ്തുത യോഗത്തിൽ 70% ലോണും, 30% സ്റ്റേറ്റ് ഷെയറും കെ.എസ്.ഡബ്ല്യു.എം.പി.യിൽ സ്റ്റേറ്റ് ഷെയറിന് ബഡ്ജറ്റിൽ പ്രൊവിഷൻ ഉള്ളതും ട്രെഷറി മുഖേന പേയ്മെന്റ് സംവിധാനമുള്ളതും Cross mapping സൗകര്യം ഉള്ളതുമാണ് എന്നും കെ.എസ്.ഡബ്ല്യു.എം.പി.യിലൂടെയും ശുചിത്വമിഷനിലൂടെയും കേന്ദ്ര സർക്കാർ പദ്ധതികളും, സംസ്ഥാന സർക്കാർ പദ്ധതികളും സമാന്തരമായി നടക്കുന്നുണ്ട് എന്നും ഏകദേശം സമാന ഘടകങ്ങളാണ് രണ്ട് പ്രോജക്ടുകളും നടപ്പിലാക്കുന്നത് എന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ച് രണ്ട് പ്രവൃത്തികളും കൊണ്ടു പോകുന്നത് ആശയക്കുഴപ്പത്തിന് ഇടവരുത്തുന്നുണ്ട്. എസ്.ബി.എം. ഫണ്ട്, കെ.എസ്.ഡബ്ല്യു.എം.പി.യുടെ വായ്പാ ഘടകമായോ സംസ്ഥാന ഘടകമായോ ആയുള്ള പദ്ധതി ചെലവിന് വിനിയോഗിക്കുവാൻ സാധിക്കുമോ ഇല്ലയോ എന്നുള്ളത് സംബന്ധിച്ച് വ്യക്തത ആവശ്യമാണെന്നും പ്രൊപോസൽ തത്വത്തിൽ അംഗീകരിക്കുകയാണെങ്കിൽ അത് നടപ്പിലാക്കുവാൻ ഒരു ടീമിനെ ചുമതലപ്പെടുത്തണമെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. സംയോജനത്തിലെ സങ്കീർണതകൾ പരിഹരിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ച് പ്രോപ്പോസൽ സമർപ്പിക്കുന്നതിലേയ്ക്കായി ഒരു കമ്മറ്റി രൂപീകരിക്കുവാൻ യോഗത്തിൽ തീരുമാനിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2)-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വച്ച് ഭാരത് മിഷൻ (അർബൻ) - കേരള സ്റ്റേറ്റ് വേസ്റ്റ്

മാനേജ്മെന്റ് പ്രോഗ്രാം കൺവർജൻസുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രതിനിധികൾ അംഗങ്ങളായി ഒരു കമ്മറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | വകുപ്പ് പ്രതിനിധി | കമ്മിറ്റി ചുമതല |
|---|---|---|
| 1 | ശുചിത്വമിഷന്റെ പ്രതിനിധി. | കൺവീനർ |
| 2 | ധനകാര്യ പ്ലാനിംങ് വകുപ്പിന്റെ പ്രതിനിധി. | അംഗം |
| 3 | ധനകാര്യ ബഡ്ജറ്റ് വകുപ്പിന്റെ പ്രതിനിധി. | അംഗം |
| 4 | തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രതിനിധി. | അംഗം |
| 5 | കെ.എസ്.ഡബ്ല്യു.എം.പി.യുടെ പ്രതിനിധി. | അംഗം |
| 6 | സംസ്ഥാന പ്ലാനിംങ് ബോർഡിന്റെ പ്രതിനിധി. | അംഗം |
| 7 | ഐ.കെ.എം. പ്രതിനിധി. | അംഗം |

(2) കമ്മിറ്റി പ്രതിനിധികളെ അതാത് വകുപ്പുകൾ/ സ്ഥാപനങ്ങൾ നിശ്ചയിക്കേണ്ടതും പ്രതിനിധികളുടെ പേരുൾപ്പെടെയുള്ള വിശദാംശങ്ങൾ വകുപ്പുകളിൽ നിന്നും ശുചിത്വ മിഷന് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ധനകാര്യ വകുപ്പ്
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 04-10-2024 16:20:25

സെക്ഷൻ ഓഫീസർ